വിനോദ നികുതി

99 (497) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് നൽകുന്നത് നിയമത്തിലെ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കുമോ ;

(ബി) സിറ്റിംഗ് കപ്പാസിറ്റി കണക്കാക്കാൻ പറ്റാത്ത കേസ്സുകളിൽ കോമ്പൗണ്ട് ചെയ്ത് നൽകുവാൻ നിലവിൽ നിയമത്തിൽ വ്യവസ്ഥ ഉണ്ടോ ;

(സി) എങ്കിൽ വിശദീകരിക്കുമോ ;

(ഡി) അമ്യൂസ്മെന്റ് പാർക്കുകളുടെ വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് നൽകുന്നത് എന്ത് മാനദണ്ഡമനുസരിച്ചാണ് ;

(ഇ) എത്ര മാസത്തെ കളക്ഷൻ പരിശോധിച്ചതിന് ശേഷമാണ് അനുവാദം നൽകുന്നത് ;

(എഫ്) കോമ്പൗണ്ട് ചെയ്ത് നൽകുന്നത് കളക്ഷന്റെ എത്ര ശതമാനം കണക്കാക്കിയാണ് ;

(ജി) പഞ്ചായത്തിന്റെ അഭിപ്രായം ഇക്കാര്യത്തിൽ തേടാറുണ്ടോ ?

ഉത്തരം

(എ) 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെൻമെന്റ് ടാക്സ് ആക്ട്-4, 1962 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെൻമെന്റ് റൂൾസ് 4,5, എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ആക്ട് 5(1)എ, 5(1) ബി എന്നീ സെക്ഷനുകൾ പ്രകാരം വിനോദനികുതി ചുമത്തി ഈടാക്കാമെന്നതിനാൽ ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾപ്രകാരം കോമ്പൗണ്ട് ചെയ്യാം.

(ഇ) കുറഞ്ഞത് ആറുമാസത്തെ വരുമാനം കണക്കാക്കിയാണ്.

(എഫ്) മൊത്തം നികുതിയുടെ 75 ശതമാനത്തിൽ കുറയാത്ത തുക.

(ജി) ഉണ്ട്.

വീഗാലാന്റ് അമ്യൂസ്മെന്റ് പാർക്കിന്റെ വിനോദ നികുതി

100 (498) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) "വീഗാലാന്റ്" എന്ന അമ്യൂസ്മെന്റ് പാർക്കിന്റെ വിനോദനികുതി കോമ്പൗണ്ട് ചെയ്ത് നൽകണമെന്ന് സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly